**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ശ്രീ. ആർ.ശശിധരൻപിള്ളയെ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (കൈ) നം. 35/ 2019/ തസ്വഭവ** **തീയതി, തിരുവനന്തപുരം, 08/ 03/ 2019**

---

പരാമർശം : 1. ബഹു. കേരളാ ഹൈക്കോടതിയുടെ 07.09.2018 ലെ W.P(C) 1437/ 2015 നമ്പർ വിധിന്യായം.

2. പഞ്ചായത്ത് ഡയറക്ടറുടെ 02.11.2018 ലെ ഇ 9/ 6961/ 2011 നം കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീ. ആർ. ശശിധരൻപിള്ള ടിയാനെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനായി ഫയൽ ചെയ്തിരുന്ന W.P(C) 1437/ 2015 നമ്പർ ഹർജിയിൽ പരാമർശം (1) പ്രകാരം ബഹു. കേരളാ ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ഹർജിക്കാരനെ സ്ഥിരപ്പെടുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ ഒന്നാം എതിർകക്ഷി പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദ്ദേശിച്ചു.

ശ്രീ. ശശിധരൻപിള്ളയെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കി. കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലെ ദിവസവേതനസ്വീപ്പറായ ശ്രീ ആർ. ശശിധരൻപിള്ളയെ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 20.01.2001 ലെ 3(39)-ാം നമ്പർ തീരുമാനപ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ ഹാജർപുസ്തകം, അക്വിറ്റൻസ് എന്നിവ പരിശോധിച്ചതിൽ പ്രസ്തുത ഓഫീസിൽ 1983 മുതൽ രണ്ട് പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ നിലവിലുള്ളതായും ഈ തസ്തികകളിൽ ജോലി ചെയ്തിരുന്ന ജീവനക്കാർ സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ ഉണ്ടായ ഒഴിവിലാണ് ശ്രീ ആർ. ശശിധരൻപിള്ളയെ 17.08.2001 മുതൽ നിയമിച്ചതെന്നും കണ്ടെത്താനായി. പഞ്ചായത്ത് ഓഫീസിലെ നിലവിലുള്ള സ്വീപ്പിംഗ് ഏര്യ 1000.34 ച.മീ. ആണെന്ന് ശാസ്താംകോട്ട പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ 28.10.2013 തീയതിയിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് ആഫീസിൽ നിലവിലുള്ള രണ്ട് പാർട്ട് ടൈം സ്വീപ്പർ തസ്തികകളിൽ ഒന്നിൽ ശ്രീ. ശശിധരൻപിള്ളയെ സ്ഥിരപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാർട്ട് ടൈം സ്വീപ്പർമാരുടെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 25/ 11/ 2005 തീയതിയിലെ സ. ഉ (പി) നം. 501/ 2005/ധന ഉത്തരവ് അനുസരിച്ച് ദിവസ വേതന അടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന സ്വീപ്പർമാരുടെ

ക്രമവൽക്കരണം അനുവദിച്ചിരുന്നില്ല. പിന്നീട് 09/02/2010 തീയതിയിലെ സ. ഉ (പി) നം. 61/2010/ധന ഉത്തരവ് അനുസരിച്ച് 25/11/2005 തീയതിയിൽ ജോലി നോക്കിയിരുന്ന ദിവസ വേതന സ്വീപ്പർമാരുടെ ക്രമവൽക്കരണം 09/02/2010 തീയതി പ്രാബല്യത്തിൽ മാത്രം നൽകുന്നതിന് അനുമതി നൽകിയിരുന്നു. ഈ ഉത്തരവുകൾ അനുസരിച്ച് 900 ച. മീ. മുകളിൽ സ്വീപ്പിംഗ് ഏരിയ ഉള്ള ഓഫീസുകളിൽ രണ്ട് പാർട്ട് ടൈം സ്വീപ്പർ തസ്തികയ്ക്ക് അർഹതയുണ്ട്. 2010 ൽ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ സ്വീപ്പിങ്ങ് ഏരിയ 100 ച . മീ മുകളിൽ ഉണ്ടെന്ന് വ്യക്തമാകുന്നുണ്ട്. 17.08.2001 മുതൽ ശ്രീ. ആർ. ശശിധരൻപിള്ള താൽക്കലിക സ്വീപ്പറായി ജോലി നോക്കി വരുന്നുണ്ട്. മാത്രമല്ല മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ 1000.34 ചതുരശ്ര മീറ്റർ സ്വീപ്പിങ് ഏര്യയും രണ്ട് പാർട്ട് ടൈം സ്വീപ്പർ തസ്തികയും നിലവിൽ ഉണ്ട്. ഇതിൽ നിന്നും നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം ശ്രീ. ആർ. ശശിധരൻപിള്ള മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹനാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ, കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ശ്രീ. ആർ. ശശിധരൻപിള്ളയെ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ലെ ബഹു. കേരളാ ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. ആർ. ശശിധരൻപിള്ള, പാർട്ട്ടൈം സ്വീപ്പർ, മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല
(മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന).
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം ജില്ല.
സെക്രട്ടറി, മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(നം. DEV-1/401/2018-Fin. തീയതി 30.01.2019 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/186/2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

Denuja M.S

സെക്ഷൻ ഓഫീസർ